രജി. തപാൽ മടക്കരശീതി സഹിതം

## കോഴിക്കോട് ജില്ലാമെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) നടപടിക്രമങ്ങൾ

വിഷയം :- ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കോഴിക്കോട് - കോടഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ശ്രീ. നിസാർ അഹമ്മദ്.ടി.കെ. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നത് - അച്ചടക്കനടപടി ആരംഭിച്ചത് - സർവ്വീസിൽ നിന്നും നീക്കം ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം- 1) കോടഞ്ചേരി സാമൂഹികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസറുടെ 13.01.2022 തിയ്യതിയിലെ ഉ 9/2021 നമ്പർ കത്ത്

2) ഈ ഓഫീസിലെ 11.02.2022 തിയ്യതിയിലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ

3) ഈ ഓഫീസിലെ 29.04.2023 തിയ്യതിയിലെ ഇതേ നമ്പർ ഉത്തരവ്

4) ഡോ. ലതിക.വി.ആർ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ, ശ്രീ. ജിനിത്ത് എം., സീനിയർ സൂപ്രണ്ട് (ഓഡിറ്റ്) എന്നവരുടെ അന്വേഷണ റിപ്പോർട്ട്

5) ഈ ഓഫീസിലെ 03.10.2023 തിയ്യതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

### ഉത്തരവ് നമ്പർ എ6-1551/2022/ജി.മെ.ഓ(ആ), കോഴിക്കോട് തിയ്യതി 10.11.2023

കോഴിക്കോട് ജില്ലയിൽ കോടഞ്ചേരി സാമൂഹികാരോഗ്യകേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 ആയ ശ്രീ. നിസാർ അഹമ്മദ് .ടി.കെ. എന്നവർ 07.05.2016 തിയ്യതി മുതൽ 5 വർഷത്തെ ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയുണ്ടായി . 07.05.2016 മുതൽ 06.05.2021 തിയ്യതി വരെ തുടർച്ചയായ 5 വർഷത്തെ ശൂന്യവേതന അവധി കഴിഞ്ഞ് 07.05.2021 തിയ്യതി ജോലിയിൽ പുന:പ്രവേശിക്കേണ്ടിയിരുന്ന ടിയാനോട് ജോലിയിൽ പ്രവേശിക്കുന്നതിനുവേണ്ടി കോടഞ്ചേരി സാമൂഹികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ രേഖാമൂലം നിർദ്ദേശം നൽകിയെങ്കിലും ടിയാൻ ജോലിയ്ക്ക് ഹാജരായില്ല. ആയതിനാൽ ശ്രീ. നിസാർ അഹമ്മദ് .ടി.കെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 എന്നവർ 07.05.2021 തിയ്യതി മുതൽ അനധികൃത അവധിയിലാണെന്ന് പരാമർശം (1) പ്രകാരം കോടഞ്ചേരി സാമൂഹികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തു. ശ്രീ. നിസാർ അഹമ്മദ് .ടി.കെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 എന്നവരുടെ ഭാഗത്തുനിന്നുണ്ടായ മേൽ പ്രവർത്തി കടുത്ത അച്ചടക്കലംഘനവും, ഔദ്യോഗിക സ്വഭാവദൂഷ്യവും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായ പ്രവർത്തിയുമാകയാൽ ടിയാനെതിരെ അച്ചടക്കനടപടികൾ ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി.

കുറ്റാരോപണ മെമ്മോ കോടഞ്ചേരി സാമൂഹികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ മുഖേന ശ്രീ. നിസാർ അഹമ്മദ്.ടി.കെ., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 എന്നവരുടെ അവസാനമായി അറിവുള്ള മേൽവിലാസത്തിൽ രേഖാമൂലം അയച്ചെങ്കിലും Addressee Left India എന്ന രേഖപ്പെടുത്തലോടുകൂടി കുറ്റാരോപണമെമ്മോ അടങ്ങിയ കവർ തപാൽ അധികാരികൾ മടക്കി അയച്ചുതന്നു. തുടർന്ന് പബ്ലിക് റിലേഷൻസ് (എഫ്) ഡിപ്പാർട്ട്മെന്റ് മുഖേന നോട്ടീസ് പത്രങ്ങളിൽ പ്രസിദ്ധീകരിച്ചെങ്കിലും കുറ്റാരോപണ മെമ്മോയ്ക്കുള്ള ടിയാന്റെ മറുപടി ലഭിക്കുകയുണ്ടായില്ല. മേൽ സാഹചര്യത്തിൽ ശ്രീ. നിസാർ അഹമ്മദ് .ടി.കെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 എന്നവർ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന വിഷയത്തിൽ കെ.സി.എസ്. (സി.സി.എ) ചട്ടം 15 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ഈ ഓഫീസിലെ ഡോ.ലതിക.വി.ആർ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ, ശ്രീ. ജിനിത്ത്.എം., സീനിയർ സൂപ്രണ്ട് (ഓഡിറ്റ്) എന്നിവരെ അന്വേഷണ ഉദ്യോഗസ്ഥരായി പരാമർശം (3) പ്രകാരം നിയമിക്കുകയും ടി ഉദ്യോഗസ്ഥർ അന്വേഷണം നടത്തി പരാമർശം (4) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

പരാമർശം (4) പ്രകാരം ലഭിച്ച അന്വേഷണ റിപ്പോർട്ടിൽ ശ്രീ. നിസാർ അഹമ്മദ് .ടി.കെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 എന്നവരുടെ ഭാഗം കേൾക്കുന്നതിനുവേണ്ടി അന്വേഷണ ഉദ്യോഗസ്ഥർ മുമ്പാകെ ഹാജരാകുവാൻ നിർദ്ദേശം നൽകിയ കത്ത് ടിയാൻ കൈപ്പറ്റിയെങ്കിലും അന്വേഷണ ഉദ്യോഗസ്ഥർ മുമ്പാകെ ഹാജരാകാത്ത സാഹചര്യത്തിലും ടിയാൻ 07.05.2021 തിയ്യതി മുതൽ അനധികൃതമായിട്ടാണ് ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതെന്ന് കണ്ടെത്തിയതിനാലും ടിയാൻ ചെയ്ത കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്തും ടിയാനെതിരെ കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു.

ശ്രീ. നിസാർ അഹമ്മദ് .ടി.കെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 എന്നവരുടെ മേൽ പ്രവൃത്തി കടുത്ത അച്ചടക്ക ലംഘനവും ഔദ്യോഗിക സ്വഭാവദൂഷ്യവും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായ പ്രവൃത്തിയും കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റവുമാണെന്ന് ബോധ്യപ്പെട്ടതിനാൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന ടിയാനെ 1960 ലെ കെ.സി.എസ് (സി.സി.എ) ചട്ടം.11(VII) പ്രകാരം സർവ്വീസിൽനിന്നും നീക്കം ചെയ്യുവാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. ടി കാരണം കാണിക്കൽ നോട്ടീസ് Addressee Left India എന്ന രേഖപ്പെടുത്തലോടുകൂടി ടിയാൻ കൈപ്പറ്റാതെ തപാൽ അധികൃതർ മടക്കി അയച്ചു തന്നു.

ശ്രീ. നിസാർ അഹമ്മദ് .ടി.കെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 എന്നവർ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന പ്രവൃത്തി കടുത്ത അച്ചടക്കലംഘനവും ഔദ്യോഗിക സ്വഭാവദൂഷ്യവും സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾക്ക് വിരുദ്ധമായ പ്രവൃത്തിയും കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റവുമായതിനാലും ടിയാൻ സർക്കാർ സർവ്വീസിൽ ജോലിയിൽ തുടരുവാൻ അനുയോജ്യനല്ലെന്ന് ബോധ്യപ്പെട്ടതിനാലും 1960 ലെ കെ.സി.എസ് (സി.സി.എ) ചട്ടം 11(VII) പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ പരാരമശം (5) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം അന്തിമമായി സ്ഥിരപ്പെടുത്തി കോടഞ്ചേരി സാമൂഹികാരോഗ്യകേന്ദ്രത്തിലെ ശ്രീ. നിസാർ അഹമ്മദ് .ടി.കെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 എന്നവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. രാജാറാം കിഴക്കെക്കണ്ടിയിൽ
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
കോഴിക്കോട്

സ്വീകർത്താവ്

ശ്രീ നിസാർ അഹമ്മദ്.ടി.കെ. പുത്തൻപീടികയിൽ (വീട്) കൊടിയത്തൂർ (പി.ഓ) ,മുക്കം കോഴിക്കോട് - 673602 (2 പകർപ്പുകൾ അയക്കുന്നു ഒരു പകർപ്പിൽ താങ്കളുടെ തിയ്യതിയോടുകൂടിയ കൈയ്യൊപ്പ് പതിച്ച് ഈ ഓഫീസിലേക്ക് മടക്കി അയച്ചു തരേണ്ടതാണ്)

പകർപ്പ്

1) മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യകേന്ദ്രം, കോടഞ്ചേരി
2) ഈ ഓഫീസിലെ എ8 സെക്ഷൻ
3) ഫയൽ/ കരുതൽ ഫയൽ

എൻ.കെ.എസ്